## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 6189

31-10-2011-ൽ മറുപടിക്ക്

### ഇലക്ട്രിസിറ്റി ബോർഡിലെ ശമ്പള പരിഷ്ക്കരണം

**ചോദ്യം**

ശ്രീ. കെ. അജിത്

(എ) ഇലക്ട്രിസിറ്റി ബോർഡിലെ വർക്ക്മെൻ കാറ്റഗറിക്ക് ശമ്പള പരിഷ്ക്കരണം നടപ്പാക്കിയെങ്കിലും ഓഫീസർ തസ്തികയിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയം ഉന്നയിച്ച് കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് ഫെഡറേഷൻ ഉൾപ്പെടെയുള്ള സംഘടനകൾ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓഫീസർ ഗ്രേഡിലുള്ളവരുടെ ശമ്പള പരിഷ്ക്കരണം എന്ന് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ കുടിശ്ശിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

**(എ), (ബി), (സി) & (ഡി)**

ഇലക്ട്രിസിറ്റി ബോർഡിലെ ഓഫീസർ തസ്തികയിലെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് ഫെഡറേഷൻ ഉൾപ്പെടെയുള്ള സംഘടനകൾ നടത്തുന്ന പ്രക്ഷോഭങ്ങൾ സംബന്ധിച്ച് രേഖാമൂലമുള്ള അറിയിപ്പൊന്നും തന്നെ ലഭിച്ചിട്ടില്ല. താമസംവിനാ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ